കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി9-1284/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/10/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡൻറ് (സെക്രട്ടറി മുഖേന)
ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി9-1284/21 തീയ്യതി: 28/10/2021

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.എം.എൻ.രാധാകൃഷ്ണൻ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)	16-09-2021	30-09-2021

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-09-2021	30-09-2021

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സുലത ഡി, ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത ജി.നായർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.യോഗേഷ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിനീത് രാജൻ, ഓഡിറ്റർ

ശ്രീമതി ബീനാകുമാരി റ്റി.വി, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.മോഹൻ സി.	പ്രസിഡന്റ്	01-04-2019	31-03-2020
ശ്രീ.മനോജ് ചന്ദ്രൻ	സെക്രട്ടറി	01-04-2019	31-03-2020

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സവിത എ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2019	09-01-2020
ശ്രീമതി റെയ്ഹനത്ത് ബീവി കെ.എസ്.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	10-01-2020	31-03-2020
ശ്രീമതി രാജി എസ്.മണി	ഡയറി എക്സ്റ്റെൻഷൻ ഓഫീസർ	01-04-2019	31-03-2020
ശ്രീ.ജയകൃഷ്ണൻ പി.കെ.	വി.ഇ.ഒ	01-04-2019	31-03-2020
ശ്രീ.പ്രദീവ് പി.ജി.	വി.ഇ.ഒ	04-05-2019	31-03-2020
ശ്രീമതി പാർവ്വതി ആർ.	കൃഷി ഓഫീസർ	01-04-2019	02-12-2019
ശ്രീമതി ഗൗരി ആർ.	കൃഷി ഓഫീസർ	02-12-2019	20-01-2020
ശ്രീ.സതീഷ് കുമാർ ഐ.ബി.	കൃഷി ഓഫീസർ	21-01-2020	31-03-2020
ശ്രീമതി ഓമന ഇ.കെ.	ഹെഡ്മിസ്ട്രസ്	01-04-2019	31-03-2020
ഡോ.അഭിജിത്ത് തമ്പാൻ	വെറ്റിനറി സർജൻ	01-04-2019	31-03-2020
ശ്രീമതി രാജശ്രീ റ്റി.ആർ.	അസി.സെക്രട്ടറി	01-04-2019	31-03-2020
ശ്രീ.രഞ്ജി ബാബു	അസി.എഞ്ചിനീയർ	01-04-2019	31-12-2019
ശ്രീ.അജിത് ജേക്കബ്	അസി.എഞ്ചിനീയർ	22-01-2020	31-03-2020
ശ്രീമതി പ്രിയ മേരി ഫിലിപ്പ്	അസി.എഞ്ചിനീയർ	31-12-2019	21-01-2020
ശ്രീമതി പ്രീതി സി	ഫിഷറീസ് സബ് ഇന്സ്പെക്ടർ	01-04-2019	31-03-2020
ശ്രീ. ജയകൃഷ്ണൻ പി.കെ	വി.ഇ.ഒ (അധിക ചാർജ്)	01-04-2019	03-05-2019
ശ്രീമതി റോസ് ലിൻ ജോസഫ്	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2019	31-03-2020

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യ പത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി.	1-6
7	ക്ഷേമപദ്ധതികൾ	1-7
8	ക്യാഷ് വെരിഫിക്കേഷൻ	1-8
9	ആഭ്യന്തര നിയന്ത്രണ സംവിധാനം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	കാലാവധി കഴിഞ്ഞ ചെക്കുകൾ പണമാക്കാത്തതായി ബാങ്ക് റെക്കൺസിലീയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു	1-11
12	തൊഴിൽനികുതി അടവാക്കുന്നില്ല.	1-12
13	വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്.	1-13
14	മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും--സബ്സിഡി മാർഗ്ഗരേഖയിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു	1-14
15	നെഹ്റു ട്രോഫി മത്സരവള്ളം കളിയിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായം- മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ട് നടപ്പാക്കി	1-15
16	കുടിവെള്ള വിതരണം- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല	1-16
17	വെള്ളക്കരമിനത്തിൽ വ്യക്തത വരുത്താതെ കുടിശ്ശികയും ഫൈനും അടവാക്കി	1-17
18	തനത് ഫണ്ട് ചെലവുകൾ -വൗച്ചറുകളും അനുബന്ധ രേഖകളും ലഭ്യമാക്കിയില്ല	1-18
19	പെൻസിൽ പ്രോഗ്രാം- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല.	1-19
20	മരാമത്ത് സ്വഭാവമുള്ള പ്രവർത്തികൾക്ക് നടപടിക്രമങ്ങൾ പാലിക്കുന്നില്ല	1-20
21	വിവിധ നിക്ഷേപപ്രവൃത്തികൾ- കരാറിലേർപ്പെടാതെ തുക കൈമാറി പൂർത്തീകരണ വിവരം ലഭ്യമല്ല	1-21
22	ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ- 12000/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല	1-22
23	വാർഷിക പദ്ധതിയിൽ ഉൾപ്പെടാത്ത പ്രോജക്ട് നടപ്പാക്കി	1-23
24	വയോജനങ്ങൾക്ക് കട്ടിൽ- ഒരേ ഉദ്ദേശ്യത്തിനായി രണ്ട് ടെൻഡർ നടപടികൾപ്രകാരം വ്യത്യസ്ത വിലയും ഗുണനിലവാരവുമുള്ള കട്ടിലുകൾ വാങ്ങി	1-24
25	ഹരിത സഹായ സ്ഥാപനത്തിനുള്ള ധനസഹായം -പ്രവർത്തനങ്ങൾ ലഭ്യമല്ല	1-25
26	തൊണ്ണംകുഴി ഗവ. എൽ.പി സ്ക്കൂളിനോട് ചേർന്ന് ഡൈനിങ്ങ് ഹാൾ നിർമ്മാണം - അപാകതകൾ	1-26
27	വിനിയോഗ രേഖകൾ ലഭ്യമല്ല-തുക തടസ്സപ്പെടുത്തുന്നു	1-27
28	ആസ്തി പരിപാലനം	1-28

29	ലൈഫ് പദ്ധതി - അവലോകനം	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും -സബ്സിഡി മാർഗ്ഗരേഖയിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു	3-1
ഭാഗം 4		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 25.02.2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരം ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	58245535	28718596.94
വരവ്	376606500	64901827
ആകെ	**434852035**	**93620423.94**
ചെലവ്	425055782	74717399
നീക്കിയിരിപ്പ്	9796253	18903024.94

1-2 വാർഷിക ധനകാര്യ പത്രിക

ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 97933653/- രൂപയും ചെലവ് 108801102/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 9595559/- (പ്രയർ പിരീഡ് ഉൾപ്പെടെ) രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 98283760/- രൂപയും ബാധ്യതകളുടെ മൂല്യം 60049191/- രൂപയും ജനറൽ ഫണ്ട് 38234569/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ചിട്ടുള്ള തുകകളുടെ വിശദാംശങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആകയാൽ B-18 ഷെഡ്യൂളിന്റെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ മുന്നിരിപ്പ്, തൻവർഷ വിവരങ്ങൾ, നീക്കിയിരിപ്പ് എന്നിവ ഉൾപ്പെടുത്തി പൂർത്തീകരിക്കേണ്ടതാണ്.
2. ഷെഡ്യൂൾ B9 ൽ 350800101 Liability In Respect Of Stale Cheques ഹെഡിലെ 1014291 രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.
3. കിട്ടാനുള്ള തുകയായി B-15 ഷെഡ്യൂളിൽ അവശേഷിക്കുന്ന ബസ് സ്റ്റാന്റ് ഫീ (431400108) 63,650 രൂപയുടെ വിശദാംശങ്ങൾ ലഭ്യമായില്ല.
4. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം, വാഹനത്തിന്റെ മൂല്യം എന്നിവ കൃത്യമായി കണക്കാക്കി ആയതിന്റെ മൂല്യം ഷെഡ്യൂൾ B-11 ൽ അക്കൗണ്ട് ചെയ്യിട്ടില്ല.
5. വസ്തു നികുതി (തൻവർഷം) കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.
6. ബാലൻസ് ഷീറ്റ് B-11(A) ഷെഡ്യൂളിൽ 19,237,308 രൂപ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ അസിസ്റ്റന്റ് എഞ്ചിനിയർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.
7. ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി5 ഷെഡ്യൂളിലെ തുകയുടെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചില്ല.
8. തൻവർഷ കുടിശ്ശിക തുകകൾക്കായി ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
9. I-18 ഷെഡ്യൂളിൽ Prior Period ആയി ക്രമീകരിച്ച 1400262 രൂപയുടെ വിശദാംശങ്ങൾ വ്യക്തമല്ല.
10. ജി.ഒ.(പി)152/2011 തസ്വഭവ തീ.26.2.2011ലെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.
11. തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
12. ഗുണഭോക്തൃ വിഹിതമായ 1833226 രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	28718596.94
ഓഡിറ്റ് വർഷത്തെ വരവ്	64901827
ആകെ	93620423.94
ഓഡിറ്റ് വർഷത്തെ ചെലവ്	74717399.94
നീക്കിയിരിപ്പ്	18903024.94
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	41295
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	11235795

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	**ഒ.ബി**	**വരവ്**	**ആകെ**	**ചെലവ്**	**സഞ്ചിത നിധിയിലേക്ക് തിരികെ / നീക്കിയിരിപ്പ്**
വികസന ഫണ്ട്-ജനറൽ	0	17087936	17087936	10540999	6546937
വികസന ഫണ്ട്-എസ്.സി.പി	0	4546294	4546294	3680534	865760
വികസന ഫണ്ട്-ടി.എസ്.പി	0	113294	113294	50250	63044
മെയിന്റനൻസ്, റോഡ്	0	7937000	7937000	1430238	6506762
മെയിന്റനൻസ്, നോൺ-റോഡ്	0	3851000	3851000	1791868	2059132
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്	0	10003466	10003466	6086487	3916979
എസ് എസ് എ	15462	532	**15994**	0	15994
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ഐ.സി.ഡി എസ്	1969205	304904	2274109	737401	1536708
ശുചിത്വമിഷൻ ഗ്രാന്റ്	1108200	0	**1108200**	0	1108200
ടോട്ടൽ സാനിട്ടേഷൻ	139048	0	139048	0	139048

റ്റി എസ് സി	0	120000	120000	0	120000

1. ജി.ഒ. പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP-7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി, റ്റി.എസ്.പി ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, വാർഷികകണക്ക് എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
2. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഫണ്ടിനങ്ങളുടെ അലോക്കേഷൻ തുകകളും ബാലൻസ് തുകകളും രേഖപ്പെടുത്തിയിട്ടുള്ളത് എ.സി.ആർ./ചെലവു പത്രികയുമായി പൊരുത്തപ്പെടുന്നില്ല. ചെലവ് തുകകൾ സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നുണ്ട്. തന്മൂലം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വകയിരുത്തൽ, നീക്കിയിരിപ്പ് തുകകളുടെ കൃത്യത നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ല.
3. വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായ കോഴിയും കൂടും (97/19-20) എന്ന പ്രോജക്ടിന് ഡി പി സി യുടെ നിർവ്വഹണാനുമതി ലഭ്യമാകാത്തതിനാൽ മേൽ പ്രോജക്ടിന് ചെലവായ 92000/- രൂപ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം-2) നൽകിയിരിക്കുന്നത്.

1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 09.03.20ലെ ഉത്തരവ് നം.2707/18/DPO/DPC/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

ആസൂത്രണസമിതി യോഗം	23/11/2018
വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത്	5/102018 മുതൽ 3/11/2018 വരെ
പദ്ധതിരൂപീകരണ ഗ്രാമസഭകൾ	16/11/2018മുതൽ 23/11/2018 വരെ
ഊരുകൂട്ടം/വയോജന/ ഭിന്നശേഷി ഗ്രാമസഭ	20/11/18,03/09/2018, 30/10/2018
മത്സ്യ ഗ്രാമസഭ	22/11/2018
വികസനസെമിനാർ	3/12/2018

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2019-20 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 186806332/-രൂപയും ആകെ ചെലവ് 50993951/- രൂപയുമാണ്. ചെലവുശതമാനം 27 %.

സർക്കാർ ഉത്തരവ് നമ്പർ ഉത്തരവ് (സാധാ) 990/2019/ത.സ്വ.ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർ പ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാന ബജറ്റ് പ്രകാരം അനുവദിച്ച തുകയേക്കാൾ അധികമാകുന്നതിനിടയായി.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

നിർവഹണ ഉദ്യോഗസ്ഥൻ	ആസൂത്രണം ചെയ്ത പ്രോജക്ടുകൾ	നടപ്പാക്കിയവ	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	8	2	6430157	2706074	42
വെറ്ററിനറി സർജൻ	6	6	1332000	858000	64
എം.ഒ (പിഎച്ച്സി)	2	2	957102	726477	76
വി ഇ ഒ	19	17	44548223	15588400	35
ഐ സി ഡി എസ് സൂപ്പർവൈസർ	15	6	7286325	3343858	46
സെക്രട്ടറി	63	22	53039420	16019939	30
അസി.എൻജിനീയർ – എൽ.എസ്.ജി.ഡി	180	43	68208683	8869325	13

ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	1884000	385000	20
ഹെഡ്മാസ്റ്റർ ഗവ യു.പി. സ്കൂൾ	2	1	194000	20320	10
സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	2	2	322717	294900	91
അസിസ്റ്റന്റ് സെക്രട്ടറി	14	13	2603709	2181658	84
ആകെ	313	116	186806332	50993951	27

വെറ്ററിനറി സർജൻ നടപ്പാക്കിയ കോഴിയും കൂടും എന്ന പ്രോജക്ടിന് പ്രോജക്ട് ഡി പി സി അംഗീകരിച്ച 2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. ഇത് പദ്ധതി തയ്യാറാക്കിയതിലെ അപാകതയായി വിലയിരുത്തുന്നു.

പ്രളയദുരിതാശ്വാസ ഫണ്ടിന്റെ വിനിയോഗം

2018-ലെ പ്രളയം സാരമായി ബാധിച്ച ഗ്രാമപഞ്ചായത്തുകൾക്ക് സംസ്ഥാനസർക്കാരിന്റെ 2019-20 ബജറ്റിൽ പ്രത്യേകമായി വകയിരുത്തിയിരുന്ന വികസനഫണ്ട് വിഹിതം ആർപ്പൂക്കര ഗ്രാമപഞ്ചായത്തിനും അനുവദിക്കപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 12-12-2019- ലെ സ.ഉ.(സാധാ) നം 9823/2019 പ്രകാരം പൊതുവിഭാഗത്തിൽ 4883000-രൂപയും പട്ടികജാതിവിഭാഗത്തിൽ 707000രൂപയും ഉൾപ്പെടെ ആകെ 5590000/- രൂപ അനുവദിക്കുകയുണ്ടായി. സാമ്പത്തിക വർഷാവസാനം അനുവദിക്കപ്പെട്ട തുകയായതിനാൽ വിനിയോഗിക്കാൻ സാധിച്ചില്ല.

വിനിയോഗലക്ഷ്യം കൈവരിച്ചില്ല-പ്രളയഫണ്ടുൾപ്പെടെ 19958614രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു

ഫണ്ടിനം	ആകെവരവ്	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	17087936	10540999	6546937
വികസന ഫണ്ട്-എസ്.സി.പി	4546294	3680534	865760
വികസന ഫണ്ട്-ടി.എസ്.പി	113294	50250	63044
മെയിന്റനൻസ് ഗ്രാന്റ് (റോഡ്)	7937000	1430238	6506762
മെയിന്റനൻസ് ഗ്രാന്റ് (നോൺ-റോഡ്)	3851000	1791868	2059132
ധനകാര്യ കമ്മീഷൻ ഗ്രാന്റ്	10003466	6086487	3916979
ആകെ	43538990	23580376	19958614

19958614 രൂപയിൽ 5590000 രൂപ 2020-21 വർഷം ലഭിച്ചു. ബാക്കി തുക തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഗ്രാമപഞ്ചായത്തിന്റ വിവിധ മേഖലകളിലെ വികസനത്തിന് ഉപയോഗിക്കേണ്ട തുകകൾ ലാപ്സായി പോകുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ് ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 തൊഴിലുറപ്പ് പദ്ധതി.

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 375 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 163 പദ്ധതികളിൽ 163 എണ്ണവും പൂർത്തീകരിച്ചു. 2019-20 വർഷം 16 ഗ്രാമസഭകളും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 57578 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2019-20 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 68.79 ആണ്. 837 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പാടശേഖരങ്ങളുടെ വാച്ചാൽ ആഴം കൂട്ടൽ, തോടുകളുടെ പുനരുദ്ധാരണം മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കിൽ തെറ്റായി ചേർത്തിരിക്കുന്നതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരമുള്ള വിവരമാണ് ചേർത്തിരിക്കുന്നത്.

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	5881	980910	986791	981549	5242
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	20376012	20376012	20376012	0
ആകെ	5881	21356922	21362803	21357561	5242

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	54720	41
കർഷകതൊഴിലാളി പെൻഷൻ	6066600	2049
വിധവാപെൻഷൻ	3436200	1162
വാർദ്ധക്യകാലപെൻഷൻ	9020700	3002
വികലാംഗപെൻഷൻ	1435600	474
അവിവാഹിത സ്ത്രീ പെൻഷൻ	149400	50

ക്ഷേമപെൻഷനുകളുടെ രജിസ്റ്ററുകൾ രേഖപ്പെടുത്തലുകൾ വരുത്തി കാലികമാക്കി സൂക്ഷിക്കുന്നുണ്ട്. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള പരമാവധി കാലയളവ് 40-45 ദിവസം ആയിരിക്കെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ ഭൂരിഭാഗം അപേക്ഷകളും 25-35 ദിവസത്തെ കാലയളവിൽ തന്നെ തീർപ്പാക്കുന്നതായി കാണുന്നു.

1-8 ക്യാഷ് വെരിഫിക്കേഷൻ

2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് ഒരേ സമയത്ത് നടത്തിയതിനാൽ ക്യാഷ് ബാലൻസ് സംബന്ധിച്ച വിവരം 2020-21 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. 08/2019 വരെയുള്ള വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പല ചെലവുകളുടേയും അനുബന്ധ രേഖകൾ ആവശ്യപ്പെട്ടതിന് ശേഷമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. ലോൺ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവ നിലവിൽ പരിപാലിക്കാത്തതും നടപടിക്രമങ്ങൾ പാലിക്കാതെ മരാമത്ത് സ്വഭാവമുള്ള പ്രവർത്തികൾ ചെയ്യുന്നതും അപാകതകളായി ഓഡിറ്റ് വീക്ഷിക്കുന്നു. തൊഴിൽ നികുതി രജിസ്റ്ററിലും വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തുന്നില്ല.

നിർവ്വഹണോദ്യോഗസ്ഥന്മാരുടെ ഫയൽ സൂക്ഷിപ്പ് തൃപ്തികരമാണ്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ പ്രോജക്ട് ഫയലുകൾ മാതൃകാപരമായി പരിപാലിക്കുന്നുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	26.08.2021	4/20 – 6/21	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	26.05.2014	2009-10 മുതൽ 2013-14 വരെ	LBA(HG)-11/8A-2168/169 DT 24.07.2017

1-11 കാലാവധി കഴിഞ്ഞ ചെക്കുകൾ പണമാക്കാത്തതായി ബാങ്ക് റെക്കൺസിലീയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നു

റിസർവ് ബാങ്കിന്റെ 04.11.2011 ലെ ആർ.ബി.ഐ/2011-12/251 നമ്പർ സർക്കുലർ പ്രകാരം ചെക്ക്/ഡിഡി യുടെ കാലാവധി 3 മാസം ആണ് എന്ന് വ്യക്തമാക്കിയിരിയ്ക്കുന്നു. ആർപ്പൂക്കര ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheque Deposited But Not Collected എന്ന ശീർഷകത്തിൽ ചെക്ക്/ഡിഡികൾ 3 മാസത്തിനുശേഷവും പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ആകാത്തതായി രേഖപ്പെടുത്തിയിരിയ്ക്കുന്നു. 3 മാസത്തിന് ശേഷം ബാങ്ക് റെക്കൺസിലീയേഷൻ സ്റ്റേറ്റ്മെന്റിൽ പഞ്ചായത്ത് അക്കൗണ്ടിൽ ക്രഡിറ്റ് ആയതായി രേഖപ്പെടുത്തിയിരിയ്ക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ആർപ്പൂക്കര സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നം. 450230101

ചെക്ക്/ഡ്രാഫ്റ്റ് നം., തീയതി	തുക	ബാങ്ക് റെക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം ക്രഡിറ്റ് ആയ മാസം
951229/23.08.18	4400	ജൂൺ 2019
020127/21.08.19	2500	മാർച്ച് 2020
628453/30.09.19	6780	മാർച്ച് 2020

ട്രഷറി റ്റി.എസ്.ബി.അക്കൗണ്ട് നം.450250110

8861056/20.08.2019	1250	ഫെബ്രുവരി 2020
8861056/19.08.2019	13750	ഫെബ്രുവരി 2020

ചെക്ക്/ഡ്രാഫ്റ്റുകളുടെ വാലിഡിറ്റി കാലാവധി കഴിഞ്ഞ് റീവാലിഡേറ്റ് ചെയ്യപ്പെടാതെതന്നെ മാസങ്ങൾക്കുശേഷം ചെക്ക് തുക പണമാക്കപ്പെടുന്ന സാഹചര്യം വ്യക്തമാക്കേണ്ടതും മാസാന്ത്യ പൊരുത്തപ്പെടുത്തൽ പരിശോധനയിൽ ഇത്തരം സാഹചര്യങ്ങൾ നിരീക്ഷിക്കപ്പെടാത്തതും സംബന്ധിച്ച് രേഖാമൂലം വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/19-20 തീയതി 25.09.2021 ന് മറുപടി ലഭ്യമാക്കിയിരുന്നു. എല്ലാ മാസവും ബാങ്ക് സ്റ്റേറ്റുമെന്റുകളുമായി പൊരുത്തപ്പെടുത്തൽ നടത്തേണ്ടതും ചെക്കുകൾ/ഡിഡികൾ യഥാസമയം അക്കൗണ്ടിൽ ക്രഡിറ്റ്/ഡെബിറ്റ് ആകുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്.

1-12 തൊഴിൽനികുതി അടവാക്കുന്നില്ല.

2019-20 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്ന് ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

ക്രമ നമ്പർ	സ്ഥാപനം	അടക്കാത്ത അർദ്ധ വർഷം
1	സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ,വില്ലൂന്നി	2
2	ടി എസ് നം 42	1,2
3	ടി എസ് നം 43	1,2
4	ടി എസ് നം 41	1,2
5	ടി എസ് നം 44	1,2
6	ടി എസ് നം 48	1,2
7	ടി എസ് നം 52	1,2
8	തുരുത്തിമറ്റത്തിൽ ഫിനാൻസ് ആർപ്പൂക്കര	1,2

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടേണ്ടതാണ്.

അപകടകരമായ മരങ്ങൾ വെട്ടിമാറ്റിയതിന് 2019-20 വർഷം തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം തുകകൾ അനുവദിച്ച് നൽകിയിട്ടുണ്ട്.

ഇനം	നൽകിയ തുക	വൗച്ചർ നം.
14-ാം വാർഡിൽ മണലേൽ പള്ളി ജംഗ്ഷനിൽ പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഭീഷണിയായ മരം വെട്ടി മാറ്റിയത്	3500	21900815/18.10.19
കൃഷി ഭവൻ, മൃഗാശുപത്രി, വയോജന വിശ്രമകേന്ദ്രം എന്നിവടങ്ങളിൽ അപകടകരമായി നിന്ന ആഞ്ഞിലി, വേങ്ങ, മാവ്, പൊങ്ങല്യം, തെങ്ങ്, പന എന്നിവ വെട്ടി മാറ്റിയത്	16000	21901270/24.01.20

ഇത്തരത്തിൽ വെട്ടിമാറ്റിയ മരങ്ങൾ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/24.09.21) മറുപടി ലഭ്യമാക്കിയില്ല. മരങ്ങൾ ലേലം ചെയ്ത് തുക മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

1-14 മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും--സബ്സിഡി മാർഗ്ഗരേഖയിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു

പ്രോജക്ട് നം / പ്രോജക്ട്	മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഫിഷറീസ് സബ് ഇൻസ്പെക്ടർ
അടങ്കൽ	233333 (175000 – വികസന ഫണ്ട്+ 58333 -ഗുണഭോക്തൃവിഹിതം)
ചെലവ്	210200 (157650 വികസന ഫണ്ട് --- ബിൽ നം.1/19-20 Dtd 30.03.2020 151650, ബിൽ നം.2/19-20 Dtd 30.03.2020 6000/-) + (52550 ഗുണഭോക്തൃവിഹിതം ചെക്ക് നം.2717964 Dtd 11.03.21)

30.07.2018 ലെ സ.ഉ.(സാധാ)നം.2083/2018/തസ്വഭവ പ്രകാരം യൂണിറ്റ് വിലയുടെ 75% സബ്സിഡിയായി നൽകാം. പരമാവധി സബ്സിഡി 30000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 4 ഗുണഭോക്താക്കൾക്ക് വള്ളവും വലയും വാങ്ങി നൽകിയിട്ടുണ്ട്. വാങ്ങൽ നടത്തിയിരിക്കുന്നത് ശ്രീ.ബിജു മാത്യു, മണക്കടവിൽ, മാന്നാനം എന്ന വ്യക്തിയിൽ നിന്നുമാണ്. പർച്ചേസ് ബിൽ പ്രകാരം 4 വള്ളങ്ങൾ, 12 വലകൾ എന്നിവയുടെ വിലയായി 210200/-രൂപ ചെലവായിട്ടുണ്ട്. ഒരു യൂണിറ്റിന് ചെലവായിരിക്കുന്നത് 52550 രൂപയാണ്. ഇതു പ്രകാരം 4 ഗുണഭോക്താക്കൾക്കായി ആകെ ചെലവഴിച്ചതും ചെലവഴിക്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ചെലവഴിച്ച തുക	ചെലവഴിക്കാവുന്ന തുക	അധികം ചെലവഴിച്ചത്
വികസനഫണ്ട്	157650	120000	37650

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/20.09.21) ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി തുക 30000/- അധികരിക്കരുതെന്ന പരാമർശം ശ്രദ്ധയിൽപ്പെടാത്തതിനാലാണ് കൂടുതൽ തുക സബ്സിഡിയിനത്തിൽ ചെലവഴിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. അധികമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 നെഹ്റു ട്രോഫി മത്സരവള്ളം കളിയിൽ പങ്കെടുക്കുന്ന ചുണ്ടൻ വള്ളങ്ങൾക്ക് ധനസഹായം- മാർഗ്ഗരേഖയിൽ ഇല്ലാത്ത പ്രോജക്ട് നടപ്പാക്കി

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

പ്രോജക്ട്- 103/20

ചെലവ്-600000 (തനത് ഫണ്ട്)

2019-20 വർഷം നടന്ന നെഹ്റു ട്രോഫി മത്സരവള്ളം കളിയിൽ പങ്കെടുത്ത രണ്ട് ബോട്ട് ക്ലബുകൾക്ക് 2019-20 വർഷത്തെ പദ്ധതിയിൽ സേവനമേഖലയിലെ പ്രോജക്ടായി ഉൾപ്പെടുത്തി ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

ക്ലബ്	നൽകിയ തുക	ചെക്ക് നമ്പർ
നവജീവൻ ബോട്ട് ക്ലബ്	400000	56084/24.02.20
NCDC ബോട്ട് ക്ലബ്	200000	56087/27.02.20

ആർപ്പൂക്കര ഗ്രാമപഞ്ചായത്ത് 13/11/19 ൽ കൂടിയ കമ്മിറ്റി നെഹ്റു ട്രോഫിയിൽ പങ്കടുത്ത നവജീവൻ ക്ലബിന് അഞ്ച് ലക്ഷം രൂപയും എൻസിഡിസി ക്ലബിന് ഒരു ലക്ഷം രൂപയും നൽകുന്നതിന് തീരുമാനിച്ചെങ്കിലും മത്സരത്തിൽ പങ്കെടുത്ത നാലാം സ്ഥാനത്ത് എത്തിയത് തങ്ങളാണെന്നും

നവജീവൻ ക്ലബിന് 12 ാം സ്ഥാനമാണെന്നും ക്ലബ് സമർപ്പിച്ച വരവ് ചെലവ് കണക്കുകൾ തെറ്റായി തയ്യാറാക്കിയതാണെന്നും എൻസിഡിഡിസി ക്ലബ് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമ്മാനതുക മേൽ പറയും പ്രകാരം അനുവദിച്ചു നൽകി. സർക്കാർ ഉത്തരവ് (കൈ) 11/2018/തസ്വഭവ തീയതി 29.01.2018 ആയി തയ്യാറാക്കിയ പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 7.10 ൽ കായിക വിനോദങ്ങൾക്ക് വേണ്ടി തയ്യാറാക്കാവുന്ന പ്രോജക്ടുകളിലും ഇത്തരത്തിൽ പ്രോജക്ട് തയ്യാറാക്കാമെന്ന് വ്യവസ്ഥയില്ല. കൂടാതെ ക്ലബുകൾക്ക് അനുവദിച്ച തുകയുടെ അനുപാതം കണക്കാക്കിയ മാനദണ്ഡവും വ്യക്തമല്ല. നാലാം സ്ഥാനം ലഭിച്ച ക്ലബിന് രണ്ടു ലക്ഷം രൂപയും 12ാം സ്ഥാനം ലഭിച്ച ക്ലബിന് നാലു ലക്ഷം രൂപയും നൽകാനുള്ള കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനവും വ്യക്തമല്ല. വിജയികൾക്കുള്ള സമ്മാനദാനത്തിന് 2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം പരിധിയിൽ അധികരിക്കാതെ ചെലവ് ചെയ്യാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ ഗണത്തിലുൾപ്പെടുത്തി ചെലവ് ചെയ്യേണ്ടതിനു പകരം പ്രോജക്ട് തയ്യാറാക്കിയത് ചട്ടങ്ങൾക്കും മാർഗ്ഗരേഖയ്ക്കും വിരുദ്ധമാണ്. വിദ്യാഭ്യാസം കല സാംസ്കാരം യുവജനകാര്യ വർക്കിങ്ങ് ഗ്രൂപ്പിലും ഇത്തരത്തിലുള്ള പ്രോജക്ട് നിർദ്ദേശം ഉയർന്നു വന്നിട്ടില്ല.

സർക്കാർ ഉത്തരവ് (കൈ) നം 22/2018/തസ്വഭവ 14/02/2018 ഖ 7.6.7 പ്രകാരം ഓരോ ഇനം ഗെയിസിന്റെയും തദ്ദേശഭരണ സ്ഥാപനതല ടീമിന്റെ പ്രവർത്തനത്തിന് ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാവുന്ന തുക 30000 രൂപയെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 600000 രൂപ ചെലവഴിച്ചതിന് പ്രത്യേക അനുമതി ലഭിച്ചതായി കാണുന്നില്ല. വിശദീകരണം രേഖാമൂലം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് ഡിപിസി അംഗീകാരം ലഭിച്ച പ്രോജക്ടാണ് നിർവ്വഹിച്ചതെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് വിവിധ തലങ്ങളിൽ അവതരിപ്പിക്കപ്പെട്ട് വെറ്റിങ്ങിനു ശേഷം സമർപ്പിക്കപ്പെടുന്ന വാർഷിക പദ്ധതിക്കാണ് ഡി പി സി അംഗീകാരം നൽകുന്നത്. ഓരോ പ്രോജക്ടും ഡി പി സി തലത്തിൽ പ്രത്യേക സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കപ്പെടുന്നില്ല. ആയതിനാൽ ഡി പി സി അംഗീകാരം ലഭിച്ചു എന്നത് മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ പ്രോജക്ട് നടപ്പാക്കിയതിന് ന്യായീകരണമല്ല. പദ്ധതി, സബ്സിഡി മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത പ്രോജക്ട് തയ്യാറാക്കിയതിന് നിർവ്വഹണോദ്യോഗസ്ഥനും അംഗീകാരം നൽകിയ വെറ്റിങ്ങ് ഉദ്യോഗസ്ഥനും ഉത്തരവാദികളാണ്. ബോട്ട് ക്ലബുകളുടെ ഡിമാന്റ് പ്രകാരം പ്രോജക്ട് പ്രകാരമുള്ള തുകയുടെ വകയിരുത്തൽ നടത്തിയതും തുടർന്ന് ഇതിന്റെ അനുപാതത്തിൽ മാറ്റം വരുത്തിയതും ക്രമപ്രകാരമല്ല. തുക ചെലവഴിച്ചതിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്. അപാകതകളുടെ അടിസ്ഥാനത്തിൽ 600000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 കുടിവെള്ള വിതരണം- കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം ചെയ്തതിന് ശ്രീ.സിബി.എം.വി എന്നയാൾക്ക് 2019-20 വർഷം താഴെ പറയും പ്രകാരം തുക അനുവദിച്ച് നൽകിയിട്ടുണ്ട്.

ക്രമനം.	കാലയളവ്	നൽകിയ തുക	വൗച്ചർ നം.
1	21.03.19 മുതൽ 31.03.19 വരെ	118200	21900028/02.04.19
2	01.04.19 മുതൽ 15.04.19 വരെ	170700	21900065/20.04.19
3	16.04.19 മുതൽ 30.04.19 വരെ	164100	21900098/03.05.19
4	01.05.19 മുതൽ 15.05.19 വരെ	175200	21900149/20.05.19
5	16.05.19 മുതൽ 31.05.19 വരെ	164300	21900222/04.06.19
6	01.06.19 മുതൽ 08.06.19വരെ	37000	21900250/17.06.19
	ആകെ	829500	

എന്നാൽ 1964 ലെ ഐ.ടി ആക്ട് സെക്ഷൻ 194 സി പ്രകാരം ടി കരാറുകാരനിൽ നിന്നും 1% ആദായനികുതിയായി 8295 രൂപ ഈടാക്കേണ്ടിയിരുന്നു. എന്നാൽ ടിയാനിൽ നിന്നും ഇപ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്

(നം.14/24.09.21) ടി കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ.സിബി.എം.വി യിൽ നിന്നും 8295 രൂപ ആദായനികുതി ഈടാക്കി നിശ്ചിത ശീർഷകത്തിൽ അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-17 വെള്ളക്കരമിനത്തിൽ വ്യക്തത വരുത്താതെ കുടിശ്ശികയും ഫൈനും അടവാക്കി

വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ 15.05.2019 ലെ 34594 നമ്പർ ഡിമാന്റ് നോട്ടീസിൽ താഴെപറയും പ്രകാരം വെള്ളക്കരമിനത്തിൽ അടവാക്കുവാനുള്ള തുക ഡിമാന്റ് ചെയ്തിരുന്നു (178 ടാപ്പുകൾക്ക് 5250 രൂപാ വീതം).

30.04.19 ലെ നീക്കിയിരിപ്പ്	201743
ഫൈൻ	3985
തൻമാസ ഡിമാന്റ്	77875
ആകെ	283603

പ്രസ്തുത തുക 21900154/31.05.19 നമ്പർ വൗച്ചർ പ്രകാരം വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ വെള്ളക്കരം കൃത്യമായി അടവാക്കിവരുന്ന സാഹചര്യത്തിൽ കുടിശ്ശികയായി 201743 രൂപയും ഫൈൻ ഇനത്തിൽ 3985 രൂപയുമുൾപ്പെടെ ആകെ 283603 രൂപ അടവാക്കേണ്ടി വന്ന സാഹചര്യം വിശദമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/18.09.21) ഇതിൽ 233625 രൂപ 3 മാസത്തെ വാട്ടർ ചാർജ്ജ് കുടിശ്ശികയും 45993 രൂപ മുൻവർഷങ്ങളിലെ പലിശയും 3985 രൂപ ഫൈനുമാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കൃത്യമായി വെള്ളക്കരം അടവാക്കിയിരുന്ന സാഹചര്യത്തിൽ മുൻ വർഷങ്ങളിലെ പലിശയും ഫൈനും ഡിമാന്റിലുൾപ്പെട്ടത് എപ്രകാരമെന്ന് വ്യക്തമല്ല. കൃത്യമായ അന്വേഷണമോ മേൽനോട്ടമോ ഇല്ലാതെ പഞ്ചായത്ത് തുക അടവാക്കിയതും ക്രമപ്രകാരമല്ല. 2021 മാർച്ചിൽ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കിയ ഡിമാന്റ് നോട്ടീസിലും മുൻ ബാക്കിയായി 54071 രൂപയും ഫൈൻ ഇനത്തിൽ 1061 രൂപയും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. മേൽ സാഹചര്യത്തിൽ അടിയന്തിരമായി വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് പലിശ സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും അധികമായി തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് അടുത്ത ബില്ലുകളിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനാൽ പലിശ, ഫൈൻ എന്നീയിനങ്ങളിൽ അടവാക്കിയ 49978 (45993+3985) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-18 തനത് ഫണ്ട് ചെലവുകൾ -വൗച്ചറുകളും അനുബന്ധ രേഖകളും ലഭ്യമാക്കിയില്ല

2019-20 വർഷത്തെ തനത്ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ ചെലവുകളെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം.	നൽകിയ തുക	ഇന വിവരം	ലഭ്യമാക്കാത്ത രേഖകളുടെ വിവരം
1	21900049/05.04.19	16000	കോപ്പറേറ്റീവ് റിക്കവറി	തുക അടവാക്കിയതിന്റെ കൈപ്പറ്റ് രസീത്
7	21900273/22.06.19	67600	പ്രിന്റിംഗ് ചാർജ്ജ്	ക്വട്ടേഷൻ വിശദാംശങ്ങൾ
9	21900314/01.07.19	16000	കോ-ഓപ്പറേറ്റീവ് റിക്കവറി	തുക അടവാക്കിയതിന്റെ കൈപ്പറ്റ് രസീത്
10	21900461/01.08.19	16000	കോ-ഓപ്പറേറ്റീവ് റിക്കവറി	തുക അടവാക്കിയതിന്റെ വിവരങ്ങൾ
	ആകെ	115600		

മേൽ പരാമർശിച്ചിട്ടുള്ള വൗച്ചറുകളും അനുബന്ധരേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.16/24.09.21) നൽകിയെങ്കിലും ആയവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ 115600 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-19 പെൻസിൽ പ്രോഗ്രാം- തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക തിരികെ ലഭിച്ചില്ല.

ആർപ്പൂക്കര ഗ്രാമപഞ്ചായത്തും കുടുംബശ്രീയും ചേർന്ന് 15.05.2019ന് ബഹു പഞ്ചായത്ത് ഡയറക്ടറുടെ (09.05.2019 ലെ PAN/20018/2018-J 5(DP) നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് കുട്ടികളുടെ അവധികാല പഠനക്യാമ്പായ "പെൻസിൽ" എന്ന പ്രോഗ്രാം നടത്തിയിട്ടുണ്ട്. ആയതിന്റെ ചെലവിലേക്ക് കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സണ് 8672 രൂപ (ചെക്ക് നമ്പറുകൾ.54701/14.05.19- 5000, 54746/10.06.19- 3672) നൽകിയതായി കാണുന്നു. പ്രോഗ്രാമിന്റെ ചെലവ് വൗച്ചറുകൾ അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം കിലയ്ക്ക് സമർപ്പിക്കുന്ന മുറക്ക്ടി തുക തിരികെ ലഭിക്കുന്നതാണെന്ന് മേൽ കത്തിൽ പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിരുന്നു. തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/18.09.21) മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഉചിതമാർഗേണ കിലയിൽ സമർപ്പിച്ച് തുക ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാകുന്ന മുറക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-20 മരാമത്ത് സ്വഭാവമുള്ള പ്രവർത്തികൾക്ക് നടപടിക്രമങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ വിവിധ പ്രവൃത്തികൾക്ക് തനത് ഫണ്ടിൽ നിന്നും തുക നൽകിയിട്ടുണ്ട്. മരാമത്ത് സ്വഭാവമുള്ള പ്രസ്തുത പ്രവർത്തികൾക്ക് നടപടി ക്രമങ്ങൾ പാലിക്കാതെയാണ് തുക നൽകിയിട്ടുള്ളതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഇന വിവരം	തുക	വൗച്ചർ നം./ തീയതി	ചെലവു ചെയ്തതിലെ അപാകത	തുക നൽകിയിട്ടുള്ള സ്ഥാപനം/വ്യക്തി
1	റെക്കാർഡ് റൂം & യുപിഎസ് ബാറ്ററി റൂം സീലിംഗ്	33250	21900036/ 04.04.19	എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല, വാല്യുവേഷൻ ഇല്ല	എ.യു.തോമസ്
2.	പഞ്ചായത്ത് ഓഫീസ് ഇലക്ട്രിക്കൽ & സാനിറ്ററി വർക്ക്	40749	21900119/ 08.05.19	എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല	കരിപ്പുറം ഡിസ്ട്രി ബ്യൂട്ടേഴ്സ് & മാനുഫാച്ചേഴ്സ്
3	പഞ്ചായത്ത് ഓഫീസ് പെയിന്റിംഗ്	23500	21900131/ 15.05.19	എസ്റ്റിമേറ്റ് ഇല്ല,ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.	സുധീഷ്.പി.എസ്
4	ഫ്രണ്ട് ഓഫീസും പ്രസിഡന്റിന്റെ മുറിയും പെയിന്റ് ചെയ്തത്	12500	21900133/ 15.05.19	എസ്റ്റിമേറ്റ് ഇല്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.	സുധീഷ്.പി.എസ്
5	പഞ്ചായത്ത് ഓഫീസ് നെറ്റ് വർക്കിംഗ്	49870	21900169/ 31.05.19	മരാമത്ത് സ്വഭാവമുള്ള പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല	അഡോൺ ഇൻഫോടെക്
6	ഓഫീസിന് മുമ്പിൽ പ്ലാറ്റ് ഫോം, ഹമ്പ് നിർമ്മാണം	22905	21900209/ 04.06.19	എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല	എ.യു.തോമസ്

7	ഇലക്ട്രിക്കൽ ഫിറ്റിംഗ്സ്	49172	21900236/ 07.06.19	എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല	കരിപ്പുറം ഡിസ്ട്രിബ്യൂട്ടേഴ്‌ല് & മാനുഫാച്ചേഴ്സ്
8	ഹെൽപ്പ് ഡെസ്ക്ക് ക്യാബിൻ നിർമ്മാണം	35715	21900336/ 02.07.19	എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല	എ.യു.തോമസ്
9	യുപിഎസ് കണക്ഷൻ മാറ്റുന്നതിനുള്ള ഇലക്ട്രിഫിക്കേഷൻ	14825	21900928/ 13.11.19	എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാല്യുവേഷൻ ഇല്ല	കരിപ്പുറം ഡിസ്ട്രിബ്യൂട്ടേഴ്‌ല് & മാനുഫാച്ചേഴ്സ്
10	ഓഫീസിൽ ഇലക്ട്രിക്കൽ വർക്ക്	19825	21901541/ 19.03.20	എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല, ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.	കരിപ്പുറം ഡിസ്ട്രിബ്യൂട്ടേഴ്‌ല് & മാനുഫാച്ചേഴ്സ്
ആകെ		**302311**			

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി (നം.15/24.09.21) ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രവർത്തികൾക്ക് ചെലവഴിച്ച 302311 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നടപടിക്രമങ്ങൾ പാലിക്കാതെ പ്രസ്തുത പ്രവൃത്തികൾ ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-21 വിവിധ നിക്ഷേപപ്രവൃത്തികൾ- കരാറിലേർപ്പെടാതെ തുക കൈമാറി പൂർത്തീകരണ വിവരം ലഭ്യമല്ല

2019-20 സാമ്പത്തിക വർഷത്തിൽ താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കേരള വാട്ടർ അതോറിറ്റി, കെ എസ് ഇ ബി എന്നീ സ്ഥാപനങ്ങളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ട്.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	നിർവ്വഹണ ഏജൻസി	ചെലവ്, ഫണ്ടിനം	ബിൽ നമ്പർ
67/20	വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ	കേരള വാട്ടർ അതോറിറ്റി, പി എച്ച് ഡിവിഷൻ കോട്ടയം	1481967വികസനഫണ്ട് (പൊതു വിഭാഗം) 3700000 ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1261033 തനത് ഫണ്ട് ആകെ 6443000	1. ബിൽ നമ്പർ-9/22.07.19 തുക 746000 2. ബിൽ നമ്പർ-22/20.11.19 തുക 292000 3. ബിൽ നമ്പർ-21/20.11.19 തുക 340000 4. ബിൽ നമ്പർ-23/20.11.19 തുക 211000 5. ബിൽ നമ്പർ-7/18.07.19 തുക 3114000 6. ബിൽ നമ്പർ-10/20.07.19 തുക 246000

				7. ബിൽ നമ്പർ-20/20.11.19 തുക 232967 8. വൗച്ചർ നം 21901330/04/02/20തുക 392033 9. വൗച്ചർ നം 21901329/04/02/20തുക 869000
161/20	വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ	കെ.എസ്. ഇ.ബി.	1973717 തനത് ഫണ്ട്	1. ചെക്ക് നം- 628515/24.10.19 തുക- 355810 2. ചെക്ക് നം- 2717902/27.11.19 തുക- 54075 3. ചെക്ക് നം- 2717926/9.01.20 തുക- 17441 4. ചെക്ക് നം- 560703/13.02.20തുക- 287000 5. ചെക്ക് നം- 56080/22.02.20 തുക- 296346 6. ചെക്ക് നം- 56079/17.02.20 തുക- 289732 7. ചെക്ക് നം- 56301/27.03.20 തുക- 592087 8. ചെക്ക് നം- 56300/27.03.20 തുക- 81226
167/20	വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിങ്ങ്	കെ.എസ്.ഇ. ബി.	43784 തനത് ഫണ്ട്	1. ചെക്ക് നം- 62844/12.07.19 തുക- 29350 2. ചെക്ക് നം- 2717903/26.11.19 തുക- 14434
197/20	കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ	കേരള വാട്ടർ അതോറിറ്റി	400000തനത് ഫണ്ട്	ചെക്ക് നം 56056/3.02.20
344/20	ഏഴാം വാർഡിലെ പത്താം നമ്പർ അങ്കണവാടിക്ക് കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ	കേരള വാട്ടർ അതോറിറ്റി	10000 തനത് ഫണ്ട്	ചെക്ക് നം 56056/3.02.20
ആകെ				8870501

നിർവ്വഹണ ഏജൻസികൾ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിട്ടുള്ളത്. എന്നാൽ പൂർത്തീകരണ കാലയളവ് രേഖപ്പെടുത്തി ഏജൻസികളുമായി കരാറിലേർപ്പെട്ടിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച വിവരവും ധനവിനിയോഗ രേഖകളും നാളിതുവരെ ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം. 6/22.09.21ന്) മറുപടി ലഭ്യമാക്കിയില്ല

നടപടികൾ സ്വീകരിച്ച് പദ്ധതികളുടെ പൂർത്തീകരണ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പദ്ധതിയുടെ കൃത്യമായ പൂർത്തീകരണവിവരവും തുകയുടെ വിനിയോഗ വിവരവും ലഭ്യമായിട്ടില്ലാത്തതിനാൽ 8870501/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1-22 ആയുർവേദാശുപത്രിക്ക് മരുന്നു വാങ്ങൽ- 12000/-രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട്	92/20
ചെലവ്	8 ലക്ഷം രൂപ, (റോഡിതരസംരക്ഷണഗ്രാന്റ്)
ബിൽ നം	11/28.07.19 -600000 25/20.11.19-200000

പ്രോജക്ട് പ്രകാരം ഔഷധിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് യഥാക്രമം ആറു ലക്ഷം രൂപയും രണ്ടു ലക്ഷം രൂപയും രണ്ട് ട്രഷറിബില്ലുകൾ പ്രകാരം ട്രാൻസ്ഫർ ചെയ്ത് നൽകിയിരുന്നു. ആദ്യത്തെ ബില്ലിൽ നിന്നും 12000 രൂപ ജിഎസ് റ്റി കുറച്ച് 588000 യാണ് ഔഷധിയുടെ അക്കൗണ്ടിലേക്ക് നൽകിയത്. എന്നാൽ ഔഷധിയുടെ വിവിധ ബില്ലുകൾ പരിശോധിച്ചതിൽ 788000 രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളു. 12000 രൂപയുടെ മരുന്നുകൾ ഓഡിറ്റ് തീയതി വരെ ലഭ്യമായിട്ടില്ല. ജി എസ് റ്റി ഇനത്തിൽ കറവ് ചെയ്ത തുകയുടെ വിവരം ഔഷധിയെ അറിയിച്ച് ബാക്കി തുകയ്ക്കുള്ള മരുന്നു കൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നു ലഭ്യമാകുന്നത് വരെ 12000 രൂപ തടസ്സപ്പെടുത്തുന്നു.

1-23 വാർഷിക പദ്ധതിയിൽ ഉൾപ്പെടാത്ത പ്രോജക്ട് നടപ്പാക്കി

നിർവ്വഹണോദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

2019-20 വർഷം കോഴിയും കൂടും എന്ന പ്രോജക്ടിന് വികസനഫണ്ടിൽ നിന്നും 92000 രൂപയും (ബിൽ നം-PPP 01/19-20 8.09.19- 62000, PPP 04/19-20 14.09.20 30000) തനത് ഫണ്ടിൽ നിന്നും 92000 രൂപയും (ചെക്ക് നം-2717907/3.12.19) വെറ്ററിനറി സർജൻ പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി പ്രോജക്ട് ഡി പി സി അംഗീകരിച്ച 2019-20 വാർഷികപദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. (2707/18/DPC/DPO/KTMതീയതി 09/03/2020). അംഗീകാരം ലഭിക്കാത്ത പ്രോജക്ടിന് തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.4/22.09.21) കാലയളവിലെ നിർവ്വഹണോദ്യോഗസ്ഥന് കത്ത് നൽകിയിട്ടുണ്ടെന്ന് വെറ്ററിനറി സർജൻ മറുപടി ലഭ്യമാക്കി. ഇത് സംബന്ധിച്ച് സെക്രട്ടറിയുടെ വിശദീകരണം ലഭ്യമാക്കിയിട്ടില്ല. പദ്ധതിയിൽ ഉൾപ്പെടാതെ ചെലവഴിച്ച തുകയ്ക്ക് സർക്കാർ അനുമതി വാങ്ങേണ്ടതാണ്. അനുമതി ലഭ്യമാകുന്നതു വരെ പ്രോജക്ടിന് ചെലവഴിച്ച 184000/- രൂപ തടസ്സപ്പെടുത്തുന്നു.

1-24 വയോജനങ്ങൾക്ക് കട്ടിൽ- ഒരേ ഉദ്ദേശ്യത്തിനായി രണ്ട് ടെൻഡർ നടപടികൾപ്രകാരം വ്യത്യസ്ത വിലയും ഗുണനിലവാരവുമുള്ള കട്ടിലുകൾ വാങ്ങി

ഐസിഡിഎസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥനായി വയോജനങ്ങൾക്ക് കട്ടിൽ വാങ്ങുന്നതിന് പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനുമായി ചുവടെ ചേർക്കും പ്രകാരം രണ്ട് പ്രോജക്ടുകൾ ആവിഷ്ക്കരിച്ച് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	പൊതുവിഭാഗം (So-62/19-20)	പട്ടികജാതിവിഭാഗം (So91/19-20)	റിമാർക്സ്
വകയിരുത്തൽ	വികസനഫണ്ട്-348638 തനതുഫണ്ട് -447412 ആകെ -796050	348000/- (വികസനഫണ്ട്- എസ്.സി.പി)	വികസനഫണ്ടിൽനിന്നും തൻവർഷം തുക ചെലവഴിച്ചിട്ടില്ല.
ചെലവ്	തനതുഫണ്ട് -447412/-		
ബിൽ/ചെക്ക് നമ്പർ	2717985/28-3-20		
സ്ഥാപനം	സിഡ്കോ ഏജൻസി തിരുവനന്തപുരം	MH പാല,കോട്ടയം	
നിരക്ക്	3686 + 18% GST	3095+ 18% GST	

പ്രൊക്യുവർമെന്റ് കമ്മിറ്റി ശുപാർശ	14-1-20 തീരുമാനം- 5	14-1-20 തീരുമാനം- 6	
പഞ്ചായത്ത് കമ്മിറ്റി അംഗീകാരം	24-1-20-1(1)	24-1-20-1(1)	

കൂടാതെ 20-21 വർഷം പ്രോജക്ട് 62/19-20 പ്രകാരം പൊതുവിഭാഗം വികസനഫണ്ടിൽനിന്നും 348638 രൂപയും (3/16-4-20) പ്രോജക്ട് നമ്പർ 91/19-20 നുവേണ്ടി എസ്.സിപി ഫണ്ടിൽനിന്നും 192500/-രൂപ യും (ബിൽ നമ്പർ 11/27-1-21) ചെലവഴിച്ചിട്ടുണ്ട്.

മേൽപട്ടികയിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ഒരേ ആവശ്യത്തിനായി പൊതുവിഭാഗം ജനങ്ങൾക്കും എസ്.സി വിഭാഗം ജനങ്ങൾക്കും രണ്ട് സ്ഥാപനങ്ങളിൽ നിന്നും പർച്ചേസ് നടത്താനുണ്ടായ സാഹചര്യം വ്യക്തമാക്കുവാനാശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പൊതുവിഭാഗം പ്രോജക്ട് 5 ലക്ഷത്തിനു മുകളിലായതിനാൽ ഇടെൻഡർ മുഖേന നടപ്പാക്കുന്നതിനാലും എസ്.സി.വിഭാഗത്തിനുവേണ്ടിയുള്ള പ്രോജക്ട് അടങ്കൽ അഞ്ച് ലക്ഷത്തിൽ താഴെ ആയതിനാൽ മാനുവൽ ടെന്റർ മുഖേന ആയതിനാലും രണ്ട് ടെൻഡർ നടപടികളിലൂടെയാണ് പ്രോജക്ട് നടപ്പാക്കിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പഞ്ചായത്ത് കമ്മിറ്റിയുടെ 24-1-20-ലെ അടിയന്തിര കമ്മിറ്റിയുടെ തീരുമാനപ്രകാരം ഏറ്റുമാനൂർ ഐറ്റിഐയിലെ ഇൻസ്പെക്ടർ പരിശോധിച്ച് മികച്ചതെന്ന് സാക്ഷ്യപ്പെടുത്തിയ സ്ഥാപനങ്ങളിൽനിന്നുമാണ് രണ്ട് പ്രോജക്ടുകളുടേയും പർച്ചേസ് നടത്തിയിട്ടുള്ളതെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇവിടെ വയോജനങ്ങൾക്കുവേണ്ടി കട്ടിൽ വാങ്ങുക എന്ന പ്രോജക്ടിനായി രണ്ട് വിഭാഗം ഫണ്ട് ചെലവഴിക്കേണ്ട സാഹചര്യമാണുണ്ടായിരുന്നത്. ടി സാഹചര്യത്തിൽ വാങ്ങേണ്ട ആകെ കട്ടിലുകളുടെ എണ്ണം കണക്കാക്കി പരിശോധനയിൽ ഗുണനിലവാരം കൂടിയതെന്ന് കണ്ടെത്തിയ സ്ഥാപനത്തിൽ നിന്നു തന്നെ നെഗോസിയേഷൻ നടപടികൾ സ്വീകരിച്ച് രണ്ട് പർച്ചേസുകളും ഒരേ സ്ഥാപനത്തിൽനിന്നുതന്നെ നടത്തുന്നതിനുള്ള നടപടി പ്രൊക്യുവർമെന്റ് കമ്മിറ്റിയുടെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടിയിരുന്നു. അപ്രകാരം ഉണ്ടാകാഞ്ഞതിനാൽ ഒരേ സമയത്ത് രണ്ട് ടെൻഡർ നടപടികൾ പ്രകാരം നടത്തിയ രണ്ട് വാങ്ങലുകളിലൂടെ വ്യത്യസ്ത വിലയും ഗുണനിലവാരവുമുള്ള കട്ടിലുകൾ വാങ്ങി വിതരണം ചെയ്യേണ്ടിവന്ന സാഹചര്യം ഒട്ടും അഭികാമ്യമല്ല.
ഭാവിയിൽ ഇത്തരം സാഹചര്യം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 ഹരിത സഹായ സ്ഥാപനത്തിനുള്ള ധനസഹായം -പ്രവർത്തനങ്ങൾ ലഭ്യമല്ല

പ്രോജക്ട്-317/20

ചെലവ്- 250000(വികസനഫണ്ട് പൊതുവിഭാഗം)

ബിൽ നമ്പർ 24/20.11.19

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

2019-20 വാർഷിക പദ്ധതിയിൽ മൂന്നുലക്ഷം രൂപ അടങ്കലിൽ തയ്യാറാക്കിയ ടി പ്രോജക്ട് പ്രകാരം വികസനഫണ്ട് വിഹിതം 250000 രൂപ IRTC എന്ന സ്ഥാപനത്തിന്റെ 4318000100090103 എന്ന അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ ഫയലിൽ ലഭ്യമല്ല. കൂടാതെ ഹരിത സഹായ സ്ഥാപനത്തിന് കൈമാറിയ തുക എപ്രകാരം കണക്കാക്കിയെന്ന് വ്യക്തമല്ല. സ്ഥാപനവുമായി ഏർപ്പെട്ട കരാർ പ്രകാരം സ്ഥാപനത്തിന്റെ പ്രധാന ചുമതലകൾ താഴെപറയുന്നവയാണ്.

1. ഹരിതകർമ്മസേനയ്ക്ക് ആവശ്യമായ പരിശീലനം നിർവ്വഹിക്കുക

2. തദ്ദേശസ്വയംഭരണ പ്രദേശത്തിന്റെ സവിശേഷതയ്ക്കനുസരിച്ച് വിവിധ പ്രചാരണ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുക

3. ആവശ്യകതാ നിർണ്ണയ സർവ്വേയിലൂടെ ലഭിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് റിപ്പോർട്ടാക്കുകയും സ്ഥാപനതല ശില്പശാലയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും ശില്പശാലയിൽ നിന്നുള്ള വിവരങ്ങൾ ചേർത്ത് സമഗ്ര മാലിന്യ സംസ്കരണ വിശദാംശരേഖ തയ്യാറാക്കുക

4. ജൈവമാലിന്യ സംസ്കരണത്തിനുള്ള പൊതു സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുക, ഇവ കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള പ്രോട്ടോക്കോൾ തയ്യാറാക്കി ഹരിതകർമ്മസേനയെ പരിശീലിപ്പിക്കുക, നിരീക്ഷണത്തിലൂടെയും നിർദ്ദശങ്ങളിലൂടെ അവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുക

5. ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിലെ പോരായ്മകൾ കണ്ടത്തി പരിശീലനം നടത്തുക, ഗ്രാമപഞ്ചായത്തിലെ ജലാശയങ്ങളുടെ ശുചിത്വ റിപ്പോർട്ട് തയ്യാറാക്കുക, മലിനീകരണം തടയാനുള്ള കർമ്മപരിപാടി തയ്യാറാക്കുക അവ നടപ്പിലാക്കുന്നതിനുള്ള സാങ്കേതികനേതൃത്വം വഹിക്കുക തുടങ്ങി പതിനേഴ് ചുമതലകൾ നടപ്പാക്കുന്നതിനാണ് തുക കൈമാറിയത്

ടി ചുമതലകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം.9/22.09.21) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രോജക്ട് പ്രകാരം ചെലവഴിച്ച 250000/-രൂപ തടസ്സപ്പെടുത്തുന്നു.

1-26 തൊണ്ണംകുഴി ഗവ. എൽ.പി സ്ക്കൂളിനോട് ചേർന്ന് ഡൈനിങ്ങ് ഹാൾ നിർമ്മാണം - അപാകതകൾ

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്ട് നം	260/20
കരാറുകാരൻ	അലക്സ് എം
ചെലവ്	364406
അളവ് പുസ്തകം	10/19-20

ചെലവിന്റെ വിശദാംശങ്ങൾ	
ചെക്ക് നം.	തുക
982854/29.02.20	7246
982855/29.02.20	3643
56089/29.02.20	3643
56089/29.02.20	342474

ടി പ്രോജക്ടിന്റെ അപാകതകൾ ചുവടെ ചേർക്കുന്നു

1. കരാറുകാരന് അധികം തുക നൽകി

2.ടി പ്രോജക്ടിന്റ അളവുപരിശോധിച്ചതിൽ ബിൽ തയ്യാറാക്കിയതിൽ സംഖ്യാപരമായ കൃത്യത പാലിക്കാത്തതിനാൽ കരാറുകാരന് 3645 രൂപ അധികം നൽകി.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ആകെ വേലമൂല്യം	364406
ടെണ്ടർ കുറവ് (0.01% കുറവ്)	72.88
ആകെ	364333
ഫൈൻ	10932
ഐ റ്റി	3643
SGST	3643
CGST	3643
KCWWF	3643
ആകെ ഡിഡക്ഷൻ	25504
കരാറുകാരന് അർഹമായത്	338829
നൽകിയത്	342474
അധികം	3645/- (342474-338829)

2. തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ ടി പ്രോജക്ടിന്റ കരാറുകാരന് നൽകാനുള്ള വിഹിതവും നികുതി വിഹിതങ്ങൾ അടയ്ക്കാനുള്ള തുകയ്ക്കുള്ള ചെക്കുകളും പ്രത്യേകം അസി.എഞ്ചിനിയറുടെ പേരിൽ നൽകിയിരുന്നു. എന്നാൽ കരാറുകാരൻ തുക കൈപ്പറ്റിയതിന്റെയും നികുതി വിഹിതങ്ങൾ അടച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

അപാകതകൾക്ക് രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കരാറുകാരന് അധികം നൽകിയ 3645/- രൂപ

ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും ഈടാക്കേണ്ടതാണ്. ചെലവ് രേഖകളുടെ അഭാവത്തിൽ നിരാകരിച്ച തുക കിഴിച്ച് 360761/- രൂപ തടസ്സപ്പെടുത്തുന്നു

1-27 വിനിയോഗ രേഖകൾ ലഭ്യമല്ല-തുക തടസ്സപ്പെടുത്തുന്നു

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എഞ്ചിനിയർ

തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ താഴെ പറയുന്ന പ്രോജക്ടുകളുടെ കരാറുകാരന് നൽകാനുള്ള വിഹിതവും നികുതി വിഹിതങ്ങൾ അടയ്ക്കാനുള്ള തുകയ്ക്കുള്ള ചെക്കുകളും പ്രത്യേകം അസി എഞ്ചിനിയറുടെ പേരിൽ നൽകിയിരുന്നു. എന്നാൽ കരാറുകാരൻ തുക കൈപ്പറ്റിയതിന്റെയും നികുതി വിഹിതങ്ങൾ അടച്ചതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

പ്രോജക്ട്	ചെലവു തുക	വൗച്ചർ നമ്പർ
303/20, തിരുതാകരി ചക്കാലക്കടവ് റോഡ് ടാറിങ്ങ്	257257	21901655/31.03.20
99/20 തട്ടാപറമ്പ് കപ്പിലാമൂട് റോഡ് കോൺക്രീറ്റിങ്ങ്	84766	21901616/30.03.20-81374 21901617/30.03.20-848 21901618/30.03.20-1696 21901620/30.03.20-848
70/20 പറയഞ്ചാലി മാടശ്ശേരി റോഡ് ടാറിങ്ങ്	148661	21901649/31/03/20
ആകെ	490684	

വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ പ്രോജക്ടിന് ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

1-28 ആസ്തി പരിപാലനം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും (AMS), അസറ്റ് മാനേജ്മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധവാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. 12/02/19 ലെ കമ്മിറ്റി തീരുമാനത്തിന്റെ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടുണ്ടെങ്കിലും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കൂടാതെ കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

1-29 ലൈഫ് പദ്ധതി - അവലോകനം

ലൈഫ് ഭവനപദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം ആകെ 4 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ജനറൽ വിഭാഗത്തിലും എസ്.സി വിഭാഗത്തിലുമായി ആകെ 4 പ്രോജക്ടുകളാണ് നടപ്പിലാക്കിയത്. 4 ഗുണഭോക്താക്കളിൽ 4 പേരും

ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. 2019-20 വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ	പ്ലാൻ ഫണ്ട്	ബ്ലോക്ക് വിഹിതം	ജില്ല പഞ്ചായത്ത് വിഹിതം	വായ്പ	തനത് ഫണ്ട്
27/19-20	2000000	-	-	-	
204/19-20	-	-	-	2420000	
205/19-20					40000
206/19-20	40000	-	-	-	-
ആകെ	2040000	-	-	2420000	40000

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും -സബ്സിഡി മാർഗ്ഗരേഖയിൽ അനുവദിച്ചതിനേക്കാൾ കൂടുതൽ തുക ചെലവഴിച്ചു

പ്രോജക്ട് നം / പ്രോജക്ട്	മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഫിഷറീസ് സബ് ഇൻസ്പെക്ടർ
അടങ്കൽ	233333 (175000 – വികസന ഫണ്ട്+ 58333 -ഗുണഭോക്തൃവിഹിതം)
ചെലവ്	210200 (157650 വികസന ഫണ്ട് --- ബിൽ നം.1/19-20 Dtd 30.03.2020 151650, ബിൽ നം.2/19-20 Dtd 30.03.2020 6000/-) + (52550 ഗുണഭോക്തൃവിഹിതം ചെക്ക് നം.2717964 Dtd 11.03.21)

30.07.2018 ലെ സ.ഉ.(സാധാ)നം.2083/2018/തസ്വഭവ പ്രകാരം യൂണിറ്റ് വിലയുടെ 75% സബ്സിഡിയായി നൽകാം. പരമാവധി സബ്സിഡി 30000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് 2019-20 സാമ്പത്തിക വർഷത്തിൽ 4 ഗുണഭോക്താക്കൾക്ക് വള്ളവും വലയും വാങ്ങി നൽകിയിട്ടുണ്ട്. വാങ്ങൽ നടത്തിയിരിക്കുന്നത് ശ്രീ.ബിജു മാത്യു, മണക്കടവിൽ, മാന്നാനം എന്ന വ്യക്തിയിൽ നിന്നുമാണ്. പർച്ചേസ് ബിൽ പ്രകാരം 4 വള്ളങ്ങൾ, 12 വലകൾ എന്നിവയുടെ വിലയായി 210200/-രൂപ ചെലവായിട്ടുണ്ട്. ഒരു യൂണിറ്റിന് ചെലവായിരിക്കുന്നത് 52550 രൂപയാണ്. ഇതു പ്രകാരം 4 ഗുണഭോക്താക്കൾക്കായി ആകെ ചെലവഴിച്ചതും ചെലവഴിക്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ഫണ്ടിനം	ചെലവഴിച്ച തുക	ചെലവഴിക്കാവുന്ന തുക	അധികം ചെലവഴിച്ചത്
വികസനഫണ്ട്	157650	120000	37650

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/20.09.21) ലഭ്യമാക്കിയ മറുപടിയിൽ സബ്സിഡി തുക 30000/- അധികരിക്കരുതെന്ന പരാമർശം ശ്രദ്ധയിൽപ്പെടാത്തതിനാലാണ് കൂടുതൽ തുക സബ്സിഡിയിനത്തിൽ ചെലവഴിച്ചതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. അധികമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2019-20	25.09.2021

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	ലഭിച്ചതുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക് പഞ്ചായത്ത്	326550	പ്രോജക്ട് നം.64/20 വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	326550	0
ബ്ലോക്ക് പഞ്ചായത്ത്	1600000	ലൈഫ് ഭവന പദ്ധതി	1600000	
ആകെ	1926550		1926550	

4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	ബിൽ/ചെക്ക് നം.	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കേരള വാട്ടർ അതോറിറ്റി	വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ	6443000	1. ബിൽ നമ്പർ-9/22.07.19 തുക 746000 2. ബിൽ നമ്പർ-22/20.11.19 തുക 292000 3. ബിൽ നമ്പർ-21/20.11.19 തുക 340000 4. ബിൽ നമ്പർ-23/20.11.19 തുക 211000 5. ബിൽ നമ്പർ-7/18.07.19 തുക 3114000	0	6443000

			6. ബിൽ നമ്പർ-10/20.07.19 തുക 246000 7. ബിൽ നമ്പർ-20/20.11.19 തുക 232967 8. വൗച്ചർ നം 21901330/04/02/20തുക 392033 9. വൗച്ചർ നം 21901329/04/02/20തുക 869000		
കേരള വാട്ടർ അതോറിറ്റി	കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ	400000	ചെക്ക് നം 56056/3.02.20	0	400000
കേരള വാട്ടർ അതോറിറ്റി	ഏഴാം വാർഡിലെ പത്താം നമ്പർ അങ്കണവാടിക്ക് കുടിവെള്ള പൈപ്പ് ലൈൻ വലിക്കൽ	10000	ചെക്ക് നം 56056/3.02.20	0	10000
കെ എസ് ഇ ബി	വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ വലിക്കൽ	1973717	1. ചെക്ക് നം-628515/24.10.19 തുക-355810 2. ചെക്ക് നം-2717902/27.111.19 തുക- 54075 3. ചെക്ക് നം-2717926/9.01.20 തുക-17441 4. ചെക്ക് നം-560703/13.02.20തുക-287000 5. ചെക്ക് നം-56080/22.02.20 തുക-296346 6. ചെക്ക് നം-56079/17.02.20 തുക-289732 7. ചെക്ക് നം-56301/27.03.20 തുക-592087 8. ചെക്ക് നം-56300/27.03.20 തുക-81226	0	1973717
കെ എസ് ഇ ബി	വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിങ്ങ്	43784	1. ചെക്ക് നം-62844/12.07.19 തുക-29350 2. ചെക്ക് നം-2717903/26.11.19 തുക-14434	0	43784
				ആകെ	8870501

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിശദാംശങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ്നമ്പർ/ തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻ വർഷം എടുത്ത വായ്പ	തൻവർഷം തിരിച്ചടച്ച തുക മുതൽ	തൻവർഷം തിരിച്ചടച്ച തുക പലിശ	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
ലൈഫ് ഭവന പദ്ധതി	ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ്68/2018 തസ്വഭവ തീ18-5-2018	4131331	618110	426471	-	4322970

4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-00	35	2002-03	5-4(1)	പൈപ്പ്ലൈൻ പദ്ധതി നടത്തിപ്പിലെ അപാകതകൾ	ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്.
	38	2002-03	5-4(2)	പാറപ്പുറം ശുദ്ധജല വിതരണ പദ്ധതി-ഗുണഭോക്തൃ വിഹിതം പിരിച്ചത് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല.	

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	64901827
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	74717399.94
വരവിനങ്ങളിലുള്ള നഷ്ടം	:	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	41925
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	11235795

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നം.	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3-1		37650	പ്രീതി സി, ഫിഷറീസ് സബ് ഇൻസ്പെക്ടർ
1-26		3645	അജിത് ജേക്കബ്, അസിസ്റ്റന്റ് എഞ്ചിനീയർ
ആകെ		41925	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-15	600000	ശ്രീ മനോജ് ചന്ദ്രൻ, സെക്രട്ടറി
1-17	49978	ശ്രീ മനോജ് ചന്ദ്രൻ, സെക്രട്ടറി
1-18	115600	ശ്രീ മനോജ് ചന്ദ്രൻ, സെക്രട്ടറി
1-20	302311	ശ്രീ മനോജ് ചന്ദ്രൻ, സെക്രട്ടറി
1-21	8870501	ശ്രീ മനോജ് ചന്ദ്രൻ, സെക്രട്ടറി
1-22	12000	ശ്രീ മനോജ് ചന്ദ്രൻ, സെക്രട്ടറി
1-23	184000	ഡോ.അഭിജിത്ത് തമ്പാൻ, വെറ്റിറനറി സർജൻ
1-25	250000	ശ്രീ മനോജ് ചന്ദ്രൻ, സെക്രട്ടറി
1-26	360721	അസിസ്റ്റന്റ് എഞ്ചിനീയർ
1-27	490684	അസിസ്റ്റന്റ് എഞ്ചിനീയർ

	ആകെ	11235795

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

പേര്, ഉദ്യോഗപ്പേര്	ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക വിലാസം	സ്ഥിരം മേൽവിലാസം
പ്രീതി സി, ഫിഷറീസ് സബ് ഇൻസ്പെക്ടർ	ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, മത്സ്യഭവൻ, കാരാപ്പുഴ, കോട്ടയം	റോസ് ഹൗസ്, 126A വൈക്കം പി ഒ
അജിത് ജേക്കബ്, അസി. എഞ്ചിനീയർ, കാരശ്ശേരി ഗ്രാമ പഞ്ചായത്ത്	അസി. എഞ്ചിനീയർ, ആർപ്പൂക്കര ഗ്രാമപഞ്ചായത്ത്	കൈതയിൽ ERA 152, വിൽസൺ സ്ട്രീറ്റ്, ഈരയിൽ കടവ് കോട്ടയം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 2018-19 വർഷം വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1999-00	കെ.എസ്.എ.-കെ.ടി.എം.പി12(അദാ-18)/47(1)/18/29.01.2018	5
2000-01	കെ.എസ്.എ.-കെ.ടി.എം.പി9-1900 (2)/18/01.12.2018	3

2001-02	കെ.എസ്.എ.-കെ.ടി.എം.പി9-1900 (3)/18/30.04.2019	3
2002-03(ചെലവ്)	കെ.എസ്.എ.-കെ.ടി.എം.പി9-1900 (5)/18/13.05.2019	7
2002-03(വരവ്)	കെ.എസ്.എ.-കെ.ടി.എം.പി9-1900 (4)/18/02.05.2019	1
2003-04	കെ.എസ്.എ.-കെ.ടി.എം.പി9-1900 (6)/18/02.05.2019	3
2004-05	കെ.എസ്.എ.-കെ.ടി.എം.പി9-1900 (7)/1801.12.2018	7
2005-06	കെ.എസ്.എ.-കെ.ടി.എം.പി9-447/19/01.06.2014	4
2006-07	കെ.എസ്.എ.-കെ.ടി.എം.പി9-152(1)/19/30.04.19	7
2007-08	കെ.എസ്.എ.-കെ.ടി.എം.പി9-152(2)/19/02.05.19	3
2008-09	കെ.എസ്.എ.-കെ.ടി.എം.പി9-1736/17/07.03.2018	12
2009-10	കെ.എസ്.എ.-കെ.ടി.എം.പി9-840/19/03.09.19	2
2010-11 & 2011-12	കെ.എസ്.എ.-കെ.ടി.എം.പി9-1346/19/05.02.19	11
2012-13	കെ.എസ്.എ.-കെ.ടി.എം.പി9/412/18/21.03.2018	11
2013-14	കെ.എസ്.എ.-കെ.ടി.എം.പി9/417/18/21.03.2018	9

2014-15	കെ.എസ്.എ.-കെ.ടി.എം.പി10/1130/16/01.06.2017	16
2015-16	കെ.എസ്.എ.-കെ.ടി.എം.പി9-152(3)/19/02.05.19	8
2016-17	കെ.എസ്.എ.-കെ.ടി.എം.പി9/1504/17/21.08.2018	15
2017-18	കെ.എസ്.എ.-കെ.ടി.എം.പി9-448/19/16.05.19	21
2018-19	കെ.എസ്.എ.-കെ.ടി.എം.പി9-425/19/12.06.20	35

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>
<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ ആർപ്പൂക്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്